(ബി) 7.63 കോടി രൂപ അനുവദിക്കുകയും അതിൽ 4.42 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ട വികസനത്തിനായി 27 ഏക്കർ ഭൂമിയും ദീർഘകാല വികസനത്തിനായി 120 ഏക്കർ ഭൂമിയുമാണ് ആവശ്യമായിട്ടുള്ളത്.

(ഡി) ആദ്യഘട്ട വികസനത്തിനായി 24.268 ഏക്കർ ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3.275 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദീർഘകാല വികസനത്തിന് വേണ്ടിവരുന്ന 120 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന്റെ വിവിധ വശങ്ങൾ പരിശോധനയിലാണ്.

കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ

85 [5229] ശ്രീ. ലൂഡി ലൂയിസ്:
,, കെ. സി. വേണുഗോപാൽ:
,, ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകളുടെയും മറ്റു നദീജല കരാറുകളുടെയും കോപ്പി ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങളുടെ അറിവിനായി ഈ കരാറുകൾ പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ സർക്കാരും മദ്രാസ് സർക്കാരും തമ്മിൽ ഒപ്പുവച്ച മുല്ലപ്പെരിയാർ കരാർ, കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ചിട്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ എന്നിവയുടെ കോപ്പി ലഭ്യമാക്കാം.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട ജലം

86 [5230] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly